REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 28-11-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്തെ പെൻഷൻ പ്രായം ഉയർത്തേണ്ടതില്ലെന്ന് മന്ത്രിസഭാ യോഗം തീരുമാനിച്ചു.
- കോസ്റ്റ്ഗാർഡിന്റെ SAREX 24- അഭ്യാസപ്രകടനം ഇന്ന് കൊച്ചിയിൽ ആരംഭിക്കും
- 55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഇന്ന് സമാപിക്കും.
- ടൂറിസം വകുപ്പിന്റെ 155 കോടി രൂപയുടെ രണ്ട് പദ്ധതികൾക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകി.
- പഠനയാത്രയ്ക്ക് പണം ഇല്ലാത്തതിന്റെ പേരിൽ ഒരു വിദ്യാർത്ഥിയെപ്പോലും പരിപാടിയിൽ നിന്ന് മാറ്റി നിർത്താൻ പാടില്ലെന്ന് മന്ത്രി V ശിവൻ കുട്ടി
- ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് FC ഗോവയെ നേരിടും.

## വാർത്തകൾ വിശദമായി

ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. നാലാം ഭരണ പരിഷ്കാര ശുപാർശകൾ ഭേദഗതികളോടെ മന്ത്രി സഭ അംഗീകരിച്ചു.

കേരള സർവീസ് റൂൾസ്, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസ്, പെരുമാറ്റച്ചട്ടം എന്നിവ സംയോജിപ്പിച്ച് കേരള സിവിൽ സർവീസ് കോഡ് രൂപീകരിക്കും. ഇതിന് ഉദ്യോഗസ്ഥ- ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് എല്ലാ സംസ്ഥാന സർവീസുകളിലും പ്രൊബേഷൻ ഒരു തവണ മാത്രമാകും.

കൂടുതൽ മന്ത്രിസഭാ തീരുമാനങ്ങളുമായി ഡെസ്ക് റിപ്പോർട്ട്

.....വോയ്സ്.....

സ്ഥലംമാറ്റ തർക്കങ്ങൾ പരിഹരിക്കുന്നതിന് സർവീസ് സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി സംയുക്ത സമിതി രൂപീകരിക്കാനും മന്ത്രിസഭാ യോഗം അനുമതി നൽകി. സ്ഥാനക്കയറ്റം നൽകുന്നതിന് പ്രത്യേക പരിജ്ഞാനം ആവശ്യമെങ്കിൽ പ്രത്യേക അർഹതാ പരീക്ഷ നടത്തണമെന്ന ശിപാർശയും മന്ത്രിസഭ തത്വത്തിൽ അംഗീകരിച്ചു.

ഓരോ വർഷത്തേയും ഒഴിവുകൾ നിയമനാധികാരികൾ PSC ക്ക് റിപ്പോർട്ട് ചെയ്യണം. ഇവ പിന്നീട് റദ്ദാക്കാൻ പാടില്ല. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം പാടില്ല.

മുനമ്പം വിഷയത്തിൽ ഗവൺമെന്റ് നിയോഗിച്ച ജുഡീഷ്യൽ കമ്മീഷനോട് മൂന്ന് മാസത്തിനകം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടാനും മന്ത്രിസഭ തീരുമാനിച്ചു. കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ തയ്യാറാക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

തൃശൂർ നാട്ടികയിൽ കഴിഞ്ഞ ദിവസം ഉണ്ടായ വാഹനാപടകടത്തിൽ മരിച്ചവരുടെ ആശ്രിതരെ കണ്ടെത്താൻ അടിയന്തിര നടപടിയെടുക്കാനും മന്ത്രസഭാ യോഗം തീരുമാനിച്ചു. അവർക്ക് ധനസഹായം നൽകുന്ന തുടർനടപടികൾ മുഖ്യമന്ത്രി തലത്തിൽ സ്വീകരിക്കും.

കരട് വയോജന കമ്മീഷൻ ഓർഡിനൻസിനും മന്ത്രിസഭായോഗം അംഗീകാരം നൽകി.

PSC അംഗമായി റിഷി ടി ഗോപാലിനെ നിയമിക്കാൻ ഗവർണർക്ക് ശുപാർശ നൽകാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

✪✪✪

സംസ്ഥാനത്തെ CDS അംഗങ്ങൾക്ക് പ്രതിമാസ യാത്രാബത്തയായി 500 രൂപ അനുവദിക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകിയതായി മന്ത്രി M B രാജേഷ് അറിയിച്ചു. 2021 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണിത്. 18,400 ഓളം പേർ വരുന്ന കുടുംബശ്രീ പ്രവർത്തകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

✪✪✪

നാല് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഊട്ടി വെല്ലിംഗ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിലെ

പരിപാടിയിൽ പങ്കെടുക്കും. നാളെ നീലഗിരിയിൽ ആദിവാസികളുമായി രാഷ്ട്രപതി സംവദിക്കും.

✪✪✪

കോസ്റ്റ്ഗാർഡിന്റെ ദേശീയ കപ്പലോട്ട - തെരച്ചിൽ - രക്ഷാപ്രവർത്തന - അഭ്യാസവും ശില്പശാലയും SAREX 24- ഇന്ന് കൊച്ചിയിൽ ആരംഭിക്കും. രാജ്യരക്ഷാ സെക്രട്ടറി രാജേഷ് കുമാർ സിംഗ് രണ്ടു ദിവസത്തെ ശില്പശാല ഉദ്ഘാടനം ചെയ്യും. പ്രദേശിക സഹകരണത്തോടെ തെരച്ചിൽ - രക്ഷാ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിനെ പറ്റിയാണ് ശില്പശാല. അടിയന്തര ഘട്ടങ്ങളിൽ കടൽ മേഖലയിൽ എവിടേയും പൗരത്വമോ മറ്റ് വിഷയങ്ങളോ പരിഗണിക്കാതെ രക്ഷാപ്രവർത്തനങ്ങളും തെരച്ചിലും ലഭ്യമാക്കുന്ന കോസ്റ്റ് ഗാർഡിന്റെ പ്രതിബദ്ധതയാണ് ഇതിലൂടെ പ്രകടമാകുന്നത്.

കപ്പലോട്ട രംഗത്തെ മികച്ച തെരച്ചിൽ - രക്ഷാപ്രവർത്തന ഏജൻസിയായി കോസ്റ്റ് ഗാർഡ് മാറിക്കഴിഞ്ഞതായി രാജ്യരക്ഷാമന്ത്രാലയം അറിയിച്ചു.

✪✪✪

ഡൈ അമോണിയം ഫോസ്ഫേറ്റ് രാസവളത്തിന്റെ ലഭ്യത ഉറപ്പാക്കാൻ കേന്ദ്രം എല്ലാ നടപടിയും എടുത്തിട്ടുണ്ടെന്ന് രാസവള മന്ത്രാലയം അറിയിച്ചു. സംസ്ഥാന ഗവൺമെന്റുകളുമായും റെയിൽവേ, രാസവള കമ്പനികൾ എന്നിവരുമായി സഹകരിച്ച് രാസവളത്തിന്റെ ശരിയായ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. എന്നാൽ പല ആഗോള കാരണങ്ങളാലും DAP ഇറക്കുമതി കുറഞ്ഞിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

ജാർഖണ്ഡിൽ മുഖ്യമന്ത്രിയായി JMM നേതാവ് ഹേമന്ദ് സോറൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. റാഞ്ചിയിലെ മൊർഹബാദി മൈതാനത്ത് ഗവർണർ സന്തോഷ് കുമാർ ഗാങ് വാർ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും.

പ്രധാനമന്ത്രി നരേന്ദ്രമോദിയേയും ആഭ്യന്തരമന്ത്രി അമിത് ഷായേയും ഇന്ത്യ ബ്ലോക്ക് നേതാക്കളേയും ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുണ്ടെന്ന് ഹേമന്ദ് സോറൻ അറിയിച്ചു.

✪✪✪

മഹാരാഷ്ട്രയിലെ അടുത്ത മുഖ്യമന്ത്രിയുടെ കാര്യത്തിൽ BJP കേന്ദ്രനേതൃത്വ തീരുമാനത്തെ പിന്തുണക്കുമെന്ന് ശിവസേന നേതാവും കാവൽ മുഖ്യമന്ത്രിയുമായ ഏകനാഥ് ഷിൻഡെ അറിയിച്ചു. കേന്ദ്രമന്ത്രി അമിത് ഷാ

യുമായി കൂടിക്കാഴ്ച നടത്തിയ ശേഷം മുഖ്യമന്ത്രിയുടെ കാര്യത്തിൽ തീരുമാനമെടുക്കുമെന്നും ഷിൻഡെ താനയിൽ പറഞ്ഞു.

മഹാരാഷ്ട്ര ഗവൺമെന്റ് രൂപീകരണവുമായി ബന്ധപ്പെട്ട് ഏകനാഥ് ഷിൻഡെയ്ക്കും ദേവേന്ദ്ര ഫഡ്നാവിസിനുമൊപ്പം ഇന്ന് ഡൽഹിയിൽ BJP യുമായി ചർച്ച നടത്തുമെന്ന് NCP നേതാവ് അജിത് പവാർ അറിയിച്ചു.

✪✪✪

ഒമ്പത് ദിവസം നീണ്ട 55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഇന്ന് സമാപിക്കും. ജർമ്മൻ ചിത്രമായ ഡ്രൈ സീസൺ മേളയിലെ അവസാന ചിത്രമായി പ്രദർശിപ്പിക്കും. വൈകിട്ട് അഞ്ചിന് ആരംഭിക്കുന്ന സമാപന ചടങ്ങിൽ സുവർണമയൂരമടക്കം പുരസ്കാരങ്ങൾ പ്രഖ്യാപിക്കും. ചലച്ചിത്രോത്സവത്തിൽ ഇന്നലെ സംഗീത സംവിധായകൻ AR റഹ്മാൻ, ലതാ മങ്കേഷ്കർ അനുസ്മരണ പ്രഭാഷണം നടത്തി.

✪✪✪

വയനാട് ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി രാവിലെ ലോക് സഭാ അംഗമായി സത്യപ്രതിജ്ഞ ചെയ്യും. MP ആയി തെരഞ്ഞെടുത്തതിന്റെ സർട്ടിഫിക്കറ്റ് മുഖ്യ തെരഞ്ഞെടുപ്പ് ഏജന്റിൽ നിന്ന് പ്രിയങ്ക ഗാന്ധി ഏറ്റു വാങ്ങി. അടുത്ത ശനി, ഞായർ ദിവസങ്ങളിൽ പ്രിയങ്ക ഗാന്ധി വയനാട്ടിൽ എത്തും.

✪✪✪

സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ജോലിചെയ്യുന്ന UGC/നെറ്റ്/PHD യോഗ്യത നേടിയ ലൈബ്രേറിയന്മാർക്ക് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് പഠിപ്പിക്കാൻ അനുമതി നൽകിയതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു.

നാലുവർഷ ബിരുദ കോഴ്സുകളിൽ ഇൻസ്ട്രക്ടർമാരായി പ്രവർത്തിക്കാനാണ് ഇവർക്ക് അനുമതി നൽകിയിരിക്കുന്നതെന്ന് മന്ത്രി ബിന്ദു പറഞ്ഞു.

✪✪✪

സംസ്ഥാന ടൂറിസം വകുപ്പിന്റെ 155 കോടി രൂപയുടെ രണ്ട് പദ്ധതികൾക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകിയതായി മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. വടകര സർഗാലയുടെ 95 കോടി 34 ലക്ഷം രൂപയുടെ ഗ്ലോബൽ ഗേറ്റ് വേ ടു മലബാർ കൾച്ചറൽ ക്രൂസിബിൾ എന്ന പദ്ധതിക്കും 59 കോടി 71 ലക്ഷം രൂപയുടെ കൊല്ലം ബയോഡൈവേഴ്സിറ്റി ആന്റ് റിക്രിയേഷണൽ ഹബ്ബ് പദ്ധതിക്കുമാണ് അനുമതി ലഭിച്ചതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട് ബൈപ്പാസിലെ പാലാഴി റോഡ് ജംഗ്ഷൻ മേൽപ്പാലം ക്രിസ്മസിന് മുമ്പായി നാടിനു സമർപ്പിക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. 690 മീറ്ററാണ് ബൈപ്പാസിലെ ഏറ്റവും വലിയ ഈ മേൽപ്പാലത്തിന്റെ നീളം.

രാമനാട്ടുകര-വെങ്ങളം ബൈപ്പാസ് അടുത്ത വിഷു സമ്മാനമായി നാടിന് സമർപ്പിക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. പാലം തുറക്കുന്നതോടെ ബൈപ്പാസിലെ ഗതാഗത കുരുക്ക് വലിയൊരളവിൽ ഒഴിവാക്കാനാകും,

✪✪✪

പഠനയാത്രയ്ക്ക് പണം ഇല്ലാത്തതിന്റെ പേരിൽ ഒരു വിദ്യാർത്ഥിയെപ്പോലും പരിപാടിയിൽ നിന്ന് മാറ്റി നിർത്താൻ പാടില്ലെന്ന് മന്ത്രി V ശിവൻ കുട്ടി നിർദേശിച്ചു. പഠനയാത്രകൾ, എല്ലാ കുട്ടികൾക്കും പ്രാപ്യമായ രീതിയിൽ ക്രമീകരിക്കണമെന്നും മന്ത്രി പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട് .......

(വോയ്സ് ..........)

കുട്ടികൾക്കൊപ്പം പഠനയാത്രയ്ക്ക് പോകുന്ന അധ്യാപകരുടേയും PTA അംഗങ്ങളുടേയും യാത്രാ ചെലവ് ബന്ധപ്പെട്ട PTA കമ്മിറ്റികളോ സ്റ്റാഫ് മാനേജ്മെന്റ് കമ്മിറ്റികളോ വഹിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

സ്കൂളുകളിൽ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ജന്മദിനം ഉൾപ്പെടെ വ്യക്തിഗത ആഘോഷങ്ങളിൽ കുട്ടികൾക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന നടപടി ഉണ്ടാകരുതെന്നും മന്ത്രി പറഞ്ഞു. പഠനയാത്രകൾ, സ്കൂളുകളിലെ വ്യക്തിഗത ആഘോഷങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ ഒരാഴ്ചക്കകം റിപ്പോർട്ട് ചെയ്യാൻ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ മന്ത്രി ചുമതലപ്പെടുത്തി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് കൊച്ചിയിൽ വൈകിട്ട് ഏഴരയ്ക്ക് FC ഗോവയെ നേരിടും.

ഇന്നലെ കൊൽക്കത്തയിൽ ബംഗളുരു FC ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് മൊഹമ്മദെൻ SC യെ തോൽപ്പിച്ചു.

✪✪✪

ലോക ചെസ് ചാമ്പ്യൻഷിപ്പിലെ മൂന്നാം റൗണ്ടിൽ ഇന്ത്യൻ ഗ്രാന്റ് മാസ്റ്റർ ഗുകേഷ് ദൊമ്മരാജു ചൈനയുടെ ഡിംഗ് ലീറനെ തോൽപ്പിച്ചു. ആദ്യ മത്സരം തോറ്റ ഗുകേഷ് രണ്ടാം മത്സരത്തിൽ സമനില കണ്ടെത്തിയിരുന്നു. ഇതോടെ മൂന്ന് മത്സരങ്ങളിൽ നിന്ന് ഗുകേഷിന് ഒന്നര പോയന്റ് ലഭിച്ചു.

✪✪✪

ഇന്ത്യൻ പേസ് ബൗളർ ജസ്പ്രീത് ബുംറ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ പുരുഷ ടെസ്റ്റ് ബൗളർമാരുടെ റാങ്കിംഗിൽ ഒന്നാം സ്ഥാനം തിരിച്ചുപിടിച്ചു. പെർത്തിൽ ഓസ്ട്രേലിയയ്ക്കെതിരായ ആദ്യ ടെസ്റ്റിലെ മാച്ച് വിന്നിംഗ് പ്രകടനമാണ് ബുംറയെ ഒന്നാം റാങ്കിന് അർഹനാക്കിയത്.

✪✪✪

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി ഡിസംബർ അവസാന വാരം കോഴിക്കോട്ട് നടത്തുന്ന സ്പെഷ്യൽ ഒളിമ്പിക്സ് സംസ്ഥാന കായിക മേളയുടെ ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു.

സംസ്ഥനത്തെ 400 ഓളം സ്പെഷ്യൽ ബഡ്സ് സ്കൂളുകളിൽ നിന്നും, പൊതു വിദ്യാലയങ്ങളിൽ നിന്നുമായി 5,000 ത്തോളം വിദ്യാർത്ഥികൾ കായികമേളയിൽ പങ്കെടുക്കും.

✪✪✪

കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവ. വനിതാ കോളേജിൽ അത്യാധുനിക സൌകര്യങ്ങളോടെ മൈതാനവും നീന്തൽക്കുളവും സ്പോർട്സ് ഹോസ്റ്റലും നിർമ്മിക്കുന്നു. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂര് ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

(വോയ്സ് ............)

ക്രിക്കറ്റ് പരിശീലനത്തിനുള്ള നെറ്റ്സ്, മൈതാനത്തിനോട് ചേർന്ന് നീന്തൽക്കുളം, അനുബന്ധ മുറികൾ, കായിക വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ കെട്ടിടം എന്നിവയാണ് നിർമിക്കുക. നീന്തൽക്കുളത്തിന് അഞ്ച് ലൈൻ, ഫിൽറ്ററേഷൻ യൂണിറ്റ്, ചേഞ്ചിങ് റൂമുകൾ, ടോയ്‌ലറ്റ് സൗകര്യം എന്നിവയും ഉണ്ടാകും. ഇരുനില ഹോസ്റ്റൽ കെട്ടിടമാണ് ഒരുങ്ങുക. വിദ്യാർഥികൾ പരിശീലനം നടത്തുന്ന മൈതാനം അത്യാധുനിക രീതിയിൽ നവീകരിക്കും. സ്പോർട്സ് കേരള ഫൗണ്ടേഷനാണ് നിർമാണച്ചുമതല. വരുന്ന ആഴ്ച തന്നെ നിർമാണ പ്രവൃത്തികൾ ആരംഭിക്കുമെന്ന് കെ.വി.സുമേഷ് എം എൽ എ അറിയിച്ചു.വോളിബോൾ, അമ്പെയ്ത്ത്, ഭാരോദ്വേഹനം, ഫുട്ബോൾ, ക്രിക്കറ്റ്,

ഫെൻസിങ് എന്നിവയിൽ നിരവധി പ്രതിഭകളെ സമ്മാനിച്ച കോളേജിന് ആധുനിക സ്റ്റേഡിയം മുതൽക്കൂട്ടാകും.

✪✪✪

ADGP അജിത്കുമാർ RSS നേതാവിനെ കണ്ടതിലും സംസാരിച്ചതിലും തെറ്റില്ലെന്ന് CPIM. കേന്ദ്ര കമ്മിറ്റി അംഗം EP ജയരാജൻ കാസർഗോട്ട് പറഞ്ഞു.

സംസ്ഥാനത്തിന്റെ ക്രമസമാധാന ചുമതല വഹിക്കുന്ന ADGP രാഷ്ട്രീയ പാർട്ടി നേതാക്കളെ കാണുന്നതിൽ എന്ത് അന്തർധാരയാണെന്നും അദ്ദേഹം നീലേശ്വരത്ത് ചോദിച്ചു.

✪✪✪

കോഴിക്കോട് കൊടുവള്ളിയിൽ ഇന്നലെ രാത്രി സ്വർണ്ണ വ്യാപാരിയെ ആക്രമിച്ചു രണ്ട് കിലോ സ്വർണ്ണം കവർന്നു. കാറിലെത്തിയ അക്രമി സംഘം സ്കൂട്ടറിൽ യാത്ര ചെയ്യുകയായിരുന്ന മുത്തമ്പലം സ്വദേശിയായ വ്യാപാരിയെ ഇടിച്ചു വീഴ്ത്തിയാണ് കവർച്ച നടത്തിയത്. സംഭവത്തിൽ കൊടുവള്ളി പൊലീസ് അന്വേഷണം ആരംഭിച്ചു.

✪✪✪